195 (2511) ആലങ്ങാട് പ്രാഥമികാരോഗ്യ കേന്ദ്രം

ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക്. ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ആലങ്ങാട് പഞ്ചായത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ എത്ര രോഗികളെ കിടത്തി ചികിത്സിക്കുവാൻ സൗകര്യമുണ്ട്;

(ബി) ഇതിനാവശ്യമായി വരുന്ന സ്റ്റാഫ് എത്രയാണ്; ഇപ്പോൾ എത്ര സ്റ്റാഫ് ഉണ്ട്;

(സി) പുതുതായി ഈ പി.എച്ച്.സി. യിൽ കൂടുതൽ സ്റ്റാഫിനെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇതു സംബന്ധിച്ച എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ; പരാതിക്ക് പരിഹാരം ഉണ്ടാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആലങ്ങാട് പഞ്ചായത്തിലെ പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ഇപ്പോൾ കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യം ഇല്ല.

(ബി) ഒരു മെഡിക്കലാഫീസറുൾപ്പെടെ 5 പി.എച്ച്.സി. യിൽ ഇപ്പോൾ 12 തസ്തികകളിലായി 19 സ്റ്റാഫ് ഉണ്ട്. ആശുപത്രിയിൽ അനുവദിച്ചിട്ടുള്ള കിടക്കകളുടെ എണ്ണം അനുസരിച്ചാണ് സ്റ്റാഫിന്റെ ആവശ്യകത നിശ്ചയിക്കുന്നത്.

(സി) കൂടുതൽ സ്റ്റാഫിന്റെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശമൊന്നും ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ആലങ്ങാട് പഞ്ചായത്ത് പ്രസിഡന്റിൽ നിന്നും ഒരു പരാതി ലഭിച്ചിട്ടുള്ളതായി ആരോഗ്യവകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. കരിങ്ങാംതുരുത്തിൽ പ്രവർത്തിക്കുന്ന പി.എച്ച്.സി.ക്ക് 20 ലക്ഷം രൂപ ചെലവഴിച്ച് 20 കിടക്കകളുള്ള എല്ലാ സജ്ജീകരണങ്ങളും തയ്യാറാക്കിയ പുതിയ കെട്ടിടം നിർമ്മിച്ചിട്ടുണ്ടെന്നും ആയത് പ്രവർത്തിക്കുന്നതിനാവശ്യമുള്ള ജീവനക്കാരെ നിയമിക്കണമെന്നും പരാതിയിൽ ആവശ്യപ്പെട്ടിട്ടുണ്ട്. വൈദ്യുതീകരണം, ജലവിതരണം ഉൾപ്പെടെയുള്ള എല്ലാ പണികളും പൂർത്തിയാക്കി കെട്ടിടം ആരോഗ്യവകുപ്പിന് കൈമാറിയശേഷം അധിക തസ്തികയ്ക്കുള്ള നിർദ്ദേശം ആരോഗ്യവകുപ്പ് ഡയറക്ടറിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് നിലവിലുള്ള മാനദണ്ഡമനുസരിച്ചും ധനലഭ്യതയനുസരിച്ചും മാത്രമേ അധികതസ്തിക സൃഷ്ടിക്കുന്ന കാര്യം പരിശോധിക്കുവാൻ കഴിയുകയുള്ളൂ.

196 (2512) മീനങ്ങാടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ നിയമനം

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് .ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീനങ്ങാടി കമ്മ്യൂണിസ്റ്റി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനാവശ്യമായ എല്ലാ തസ്തികകളും നിലവിലില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly